പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3290 19.06.2018-ലെ മറുപടിക്ക്

# ട്രിപ്പുകൾ പുനാരംഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ അടൂർ ഡിപ്പോയിൽ നിന്നും തെറ്റിമുറി വഴി പുത്തൂരിലേക്ക് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സിന്റെ ഉച്ചയ്ക്ക് ശേഷമുള്ള ട്രിപ്പുകൾ റദ്ദാക്കിയതുമൂലം പ്രദേശത്തെ വിദ്യാർത്ഥികളും തൊഴിലാളികളും ഉൾപ്പെടെ നൂറുകണക്കിനു യാത്രക്കാർ അനുഭവിക്കുന്ന കടുത്തയാത്രാ ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | പ്രദേശത്തെ സാധാരണക്കാരായ യാത്രക്കാരുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും സമാന്തര സർവ്വീസുകൾ നടത്തുന്ന ചൂഷണത്തിന് അറുതി വരുത്തുന്നതിനും വേണ്ടി പ്രസ്തുത സർവ്വീസിന്റെ ഉച്ചയ്ക്ക് ശേഷമുള്ള ട്രിപ്പുകൾ പുനാരംഭിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രദേശത്തെ സാധാരണക്കാരായ യാത്രക്കാരുടെയും വിദ്യാർത്ഥികളുടെയും യാത്രാക്ലേശം പരിഹരിക്കുന്നതിനായി, 16.05-ന് അടൂരിൽ നിന്നും തെറ്റിമുറി വഴി പുത്തൂരിനുള്ള ട്രിപ്പ് റദ്ദ് ചെയ്തിരുന്നത് സ്കൂൾ വർഷാരംഭമായ ജൂൺ ഒന്നു മുതൽ പുനരാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ